പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.181 16.08.2017 ൽ മറുപടിയ്ക്ക്

## അന്തർദേശീയ നിലവാരത്തിൽ കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | അന്താർദേശീയ നിലവാരത്തിൽ കായികതാരങ്ങളെ വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | എ) | മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനും, ഓരോ കായിക താരങ്ങൾക്കും, അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതിനും, വിദഗ്ധ പരിശീലനം നൽകുന്നതിനും വേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കേരളത്തിലെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്, ഒളിമ്പിക്സ് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വാർത്തെടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. വിദേശ പരിശീലകന്റെ കീഴിൽ അന്തർദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, പരിശീലനവും താമസവും, ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായികതാരങ്ങൾക്ക് ലഭ്യമാക്കിവരുന്നു ണ്ട്.<br><br>എൽ.എൻ.സി.പി യിൽ പ്രവർത്തിച്ചുവരുന്ന എലൈറ്റ് അത്‌ലറ്റിക്സ് സ്കീം, തൃപ്രയാറിലെ ഹൈ പെർഫോർമൻസ് ട്രെയിനിംഗ് സെന്റർ ഫോർ വോളിബോൾ എന്നിവിടങ്ങളിൽ നാഷണൽ ഇന്റർ നാഷണൽ മത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിവുള്ള 13 അത്‌ലറ്റിക്സ്, 17 വോളിബോൾ കായിക താരങ്ങൾക്ക് പരിശീലനം നൽകിവരുന്നുണ്ട്. ഫെൻസിംഗ് എലൈറ്റ് സ്കീമിൽ 5 കായിക താരങ്ങൾക്കും നിലവിൽ നാഷണൽ / ഇന്റർ നാഷണൽ ലെവലിലുള്ള പരിശീലനം നൽകിവരുന്നുണ്ട്.<br><br>കൂടാതെ, 2020-2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി |

| | | | |
|---|---|---|---|
| | | | ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി **"ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി"** യും ആവിഷ്കരിച്ചിട്ടുണ്ട്.<br><br>2020-2024 വർഷങ്ങളിലെ ഒളിമ്പിക്സ് വരെയുളള പരിശീലന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയ്ക്കായി 2017-18 മുതൽ 2024-25 വരെ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിയ്ക്കുന്നത്. മേൽ സൂചിപ്പിച്ച 11 കായിക ഇനങ്ങളിലായി ഏകദേശം 250 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ റസ്‌ലിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയിൽ തെരഞ്ഞെടുത്ത 11 ഇനങ്ങളിൽ പരിശീലനം നൽകുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിലായി 13 ഒളിമ്പിക്സ് സെന്ററുകൾ ആരംഭിയ്ക്കുന്നതിനുളള നടപടികളും കൈക്കൊണ്ടു വരുന്നു. |
| ബി) | സ്പോർട്സ്, ഗെയിംസ് ഇനത്തിൽ മികവു തെളിയിക്കുന്നവരെ സർക്കാർ സർവ്വീസിൽ നിയമിക്കാൻ നടപടിയുണ്ടാകുമോ; | (ബി) | സ്പോർട്സ് / ഗെയിംസ് ഇനങ്ങളിൽ നിശ്ചിത കായിക നേട്ടങ്ങൾ കൈവരിച്ചിട്ടുളള കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനായി പ്രതിവർഷം 50 ഒഴിവ് നീക്കി വച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ 2 ഒഴിവ് വീതം വിഭിന്ന ശേഷിയുള്ള കായിക താരങ്ങൾക്കായും ഒരു ഒഴിവു വീതം കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് 3 വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒളിമ്പിക്സ് / ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങൾക്കായും നീക്കിവച്ചിട്ടുണ്ട്. 2010-14 വരെ കലണ്ടർ വർഷങ്ങളിലെ നിലവിലുളള ഒഴിവുകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |
| സി) | സ്പോർട്സിൽ മികവു തെളിയിക്കുന്നവർക്ക് നൽകി വരുന്ന ഗ്രേസ് മാർക്ക് നിർത്തലാക്കാൻ ഉളള നീക്കം അവസാനിപ്പിക്കാൻ ഇടപെടുമോയെന്ന് വ്യക്തമാക്കാമോ; | സി) | മികച്ച കായികതാരങ്ങൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തെരഞ്ഞെടുപ്പുകളിൽ അധികമാർക്ക് നൽകുന്നതിന് 11/01/1978 ലെ GO(Ms) No.21/78/GAD, 30/05/2012 ലെ GO(Ms) No.129/2012/GAD, എന്നിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം 32 കായിക ഇനങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നുണ്ട്. ആയതു നിർത്തലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| ഡി) | സംസ്ഥാന സർക്കാരിന്റെ ഇടപെടൽ ഉണ്ടായിട്ടും കേരളത്തിന്റെ അഭിമാനതാരമായ പി.യു. ചിത്രയെ ലോക മത്സരത്തിൽ പങ്കെടുപ്പിക്കാതിരുന്ന-തിന്റെ പശ്ചാത്തലത്തിൽ കായികരംഗത്തെ സംഘടനകളുടെ പ്രവർത്തനം അവലോകനം നടത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ എന്നറിയിക്കാമോ? | | മലയാളിയായ ഇന്ത്യൻ അത്‌ലറ്റിക്സ് താരം പി.യു ചിത്രയെ ലോക അത്‌ലറ്റിക്സ് മീറ്റിൽ പങ്കെടുക്കുന്ന ഇന്ത്യൻ ടീമിൽ നിന്ന് ഒഴിവാക്കിയ സംഭവത്തിലേയ്ക്കു നയിച്ച സാഹചര്യത്തെപ്പറ്റി അന്വേഷണം നടത്തി വേണ്ട തിരുത്തൽ നടപടി സ്വീകരിക്കാൻ കായിക മന്ത്രാലയത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ